നമ്പർ സി.1539/2016.

ജില്ലാവിത്തുകൃഷിത്തോട്ടം,
മുണ്ടേരി. മലപ്പുറം. 679334
ഫോൺ: 04931 209044, 9446409187
തീയതി :8/2/2017

# ലേലം/ടെണ്ടർ നോട്ടീസ്

കേരള ഗവർണ്ണർക്കുവേണ്ടി ഡെപ്യൂട്ടി ഡയറക്ടർ, വിത്തുകൃഷിത്തോട്ടം മുണ്ടേരി ഫാമിൽ വിളവെടുത്ത് സൂക്ഷിച്ചിരിക്കുന്ന 1000 കിലോ ഉണങ്ങിയ അടക്ക ലേലം/ടെണ്ടർ വ്യവസ്ഥയിൽ വില്പന നടത്തുന്നതിന് തീരുമാനിച്ചിരിക്കുന്നു. താൽപര്യമുള്ളവരിൽ നിന്ന് മത്സര സ്വഭാവമുള്ള ലേലം/ടെണ്ടറുകൾ ക്ഷണിച്ചുകൊള്ളുന്നു.

**നിബന്ധനകൾ**

1) മുദ്രവെച്ച ടെണ്ടർ ഫോമുകൾ 8/3/2017-ന് രാവിലെ 11.30 മണിവരെ സ്വീകരിക്കുന്നതും അന്നുതന്നെ രാവിലെ 12 മണിക്ക് ഡെപ്യൂട്ടി ഡയറക്ടറുടെയോ അദ്ദേഹം അധികാര പ്പെടുത്തുന്ന ഉദ്യോഗസ്ഥൻെറയോ സാന്നിദ്ധ്യത്തിൽ ലേലത്തിനുശേഷം ടെണ്ടർ തുറന്ന് പരിശോധിക്കുന്നതും കൂടുതൽ തുക രേഖപ്പെടുത്തുന്ന വ്യക്തിയുടെ പേരിൽ ലേലം/ടെണ്ടർ ഉറപ്പിക്കുന്നതുമാണ്.
2) അടങ്കൽ തുക. 1,50,000/- ആണ്.
3) ടെണ്ടറിനോടൊപ്പം നിരതദ്രവ്യമായി 3 0 0 0 / - (മൂവ്വായിരം രൂപ മാത്രം) രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് ഡെപ്യൂട്ടി ഡയറക്ടർ, സീഡ് ഗാർഡൻ കോംപ്ളക്സ്, മുണ്ടേരി പോസ്റ്റ് മലപ്പുറം ജില്ല 679334 എന്ന പേരിൽ സമർപ്പിക്കേണ്ടതാണ്.
4) ടെണ്ടർ ഫോമിൻെറ വില 500/- രൂപ + വിൽപ്പന നികുതി ആയിരിക്കും. ടെണ്ടർ ഫോമിമൻറ വില യാതൊരുകാരണവശാലും തിരികെ നൽകുന്നതല്ല. ടെണ്ടർ ഫോറം 8/3/17 രാവിലെ 11.00 വരെ നൽകുന്നതാണ്.
5) പൂരിപ്പിച്ച ടെണ്ടർ ഫോമുകൾ 'ഡെപ്യൂട്ടി ഡയറക്ടർ, വിത്തുകൃഷിത്തോട്ടം, മുണ്ടേരി പി.ഒ., മലപ്പുറം ജില്ല, പിൻ-679334' എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതും കവറിനു പുറത്ത് "നമ്പർ സി. 1539/2016 തീയതി 8/2/17 പ്രകാരം ഉണങ്ങിയ അടക്കവിൽപ്പന നട ത്തുന്നതിനുവേണ്ടിയുള്ള ടെണ്ടർ"എന്ന് നാമകരണം ചെയ്ത് 200 രൂപയുടെ മുദ്രപ ത്രത്തിൽ പ്രാഥമിക കരാർ ഉള്ളടക്കം ചെയ്ത് മുദ്രവെച്ച് സമർപ്പിക്കേണ്ടതാണ്. അല്ലാ ത്തപക്ഷം ടെണ്ടർ നിരുപാധികം നിരസിക്കുന്നതാണ്.
6) ടെണ്ടറിൽ ഒരു കിലോ ഉണങ്ങിയ അടക്കയുടെ വില അക്കത്തിലും അക്ഷരത്തിലും വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.
7) ലേലം/ടെണ്ടർ ഉറപ്പിക്കുന്ന വ്യക്തി മുഴുവൻ സംഖ്യയുടെ 1/3 തുക അന്നുതന്നെ ഈ ഓഫീസിൽ അടവാക്കേണ്ടതാണ്.
8) ലേലം/ടെണ്ടറിൽ ഏറ്റവും കൂടുതൽ തുക രേഖപ്പെടുത്തുന്ന വ്യക്തിയുടെ പേരിൽ മലപ്പുറം പ്രിൻസിപ്പൽ കൃഷി ആഫീസറുടെ അംഗീകരാത്തിനുവിധേയമായി ലേലം/ടെണ്ടർ താത്കാലികമായി ഉറപ്പിക്കുന്നതും, അംഗീകാരം ലഭിച്ചതായി അറിയിപ്പ് ലഭിച്ച് ഒരാഴ്ചകകം ബാക്കിയ മുഴുവൻ സംഖ്യയും അടച്ച് ഫാമിൽ നിന്ന് അടക്ക നീക്കം ചെയ്യണ്ടതുമാണ്.
9) ലേലം/ടെണ്ടർ ഒറ്റക്കോ, കൂട്ടായോ റദ്ദാകുവാനോ നിരസിക്കുവാനോ ഉള്ള പൂർണ്ണ അധികാരം ഫാം ഡെപ്യൂട്ടി ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും
10) നിയമാനുസൃതമായ നികുതി അടക്കുവാൻ ബാദ്ധ്യസ്ഥരായിരിക്കും.
11) നിലവിലുള്ള സർക്കാർ ലേലം/ടെണ്ടർ വ്യവസ്ഥകൾ ഈ ലേലം/ടെണ്ടറിനും ബാധകമാ യിരിക്കും.
12) ലേലം/ടെണ്ടർ ദിവസം സർക്കാർ അവധി പ്രഖ്യാപിക്കുകയാണെങ്കിൽ തൊട്ടടുത്ത പ്രവർത്തിദിവസം ലേലം/ടെണ്ടർ നടത്തുന്നതായിരിക്കും.

ഡെപ്യൂട്ടി ഡയറക്ടർ.

DDA(i/c)
8/2/17